കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ഒക്ടോബർ 2021



## പ്രൈസസ് വിഭാഗം

### സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

**(DEPARTMENT OF ECONOMICS AND STATISTICS)**

തിരുവനന്തപുരം

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# ആമുഖം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാററുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളെയും, അന്താരാഷ്ട്ര ഏജൻസികളുടെ റിപ്പോർട്ടുകളെയും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളെയും ആധാരമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

**(ഒപ്പ്)**

തിരുവനന്തപുരം **സജീവ് .പി .പി**

**13-12-2021** **ഡയറക്ടർ**

# അവലോകനം

കാലം തെറ്റി പെയ്യുന്ന മഴ പലപ്പോഴും കർഷകരുടെ കണക്ക്കൂട്ടലുകൾ തെറ്റിക്കുകയാണ് കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്ത് വിപണിവിലയെ സ്വാധീനിക്കുന്ന പ്രധാന ഘടകമായി കാലാവസ്ഥ വ്യതിയാനം മാറുകയാണ്. ഇന്ത്യയിൽ ഖരീഫ് സീസണിലെ വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്.പഞ്ചാബ് ഹരിയാന ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വിളവെടുപ്പ് ഗണ്യമായ തോതിൽ പുരോഗമിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിലും വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. ഖാരിഫ് സീസണിലെ കാർഷിക വിളകളുടെ വിളവെടുപ്പ് നടക്കുന്ന സമയത്തുള്ള കനത്ത മഴ വിളനാശം വരുത്താൻ ഇടയുണ്ട്.

അവലോകനമാസമായ ഒക്ടോബറിൽ പൊതുവെ ഒരു വിലക്കയറ്റ പ്രവണത വിപണിയിൽ ദൃശ്യമാണ്. പച്ചക്കറികളുടെ വിലയിലാണ് വർദ്ധനവിനുള്ള പ്രവണത പ്രധാനമായും നില നിൽക്കുന്നത്. തക്കാളി,സവാള,ഉള്ളി,വെണ്ടയ്ക്ക ഉൾപ്പെടെയുള്ള കേരളത്തിലെ അടുക്കളകൾക്ക് ഏറ്റവും പ്രിയപ്പെട്ട പച്ചക്കറികളുടെ വിലയിലെല്ലാം ഈ വർദ്ധനവ് നിലനിൽക്കുന്നുണ്ട്.അരിയുടെ വിലയിൽ നേരിയ തോതിലുള്ള ഒരു ചാഞ്ചാട്ടം പ്രകടമാണെങ്കിലും ഗണ്യമായ തോതിലുള്ള വർദ്ധനവ് വിപണിയിൽ പ്രകടമായിട്ടില്ല.കനത്ത മഴയോടൊപ്പം ഇന്ധന വിലവർദ്ധനവും വില വർദ്ധനവിൽ പ്രതിഫലിച്ചിട്ടുണ്ട്.പയർവർഗ്ഗങ്ങളുടെ വിലയിലും നേരിയ തോതിലുള്ള വർദ്ധനവ് തുടരുന്നു. മസൂർപരിപ്പ്,വൻപയർ എന്നിവയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത നിലനിൽക്കുന്നുണ്ട്.

ഫുഡ് ആൻറ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ (FAO) യുടെ ഫുഡ് പ്രൈസ് ഇൻഡക്സ് 2021 ഒക്ടോബറിൽ 133.2 പോയിന്റായി വർദ്ധിച്ചു. സെപ്റ്റംബറിൽ നിന്ന് 3.9 പോയിന്റും (3.0 ശതമാനം) 2020 ഒക്ടോബറിൽ നിന്ന് 31.8 പോയിന്റും (31.3 ശതമാനം) ഉയർന്നു. 2021 ജൂലൈക്ക് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണ് രേഖപ്പെടുത്തിയത്.ആഗോളതലത്തിൽ ധാന്യങ്ങളുടെയും ഭക്ഷ്യ എണ്ണകളുടെയും വിലയിലുണ്ടായ വർദ്ധനവാണ് ഇൻഡക്സിൽ പ്രതിഫലിച്ചിരിക്കുന്നത്.ധാന്യങ്ങളുടെ ഇൻഡക്സ് ഒക്ടോബറിൽ ശരാശരി 137.1 പോയിന്റായി വർദ്ധിച്ചു, സെപ്റ്റംബറിൽ നിന്ന് 4.3 പോയിന്റ് ഉയർന്നു (3.2 ശതമാനം), ഒരു വർഷം മുമ്പത്തെ നിലയേക്കാൾ 25.1 പോയിന്റ് (22.4 ശതമാനം) ഉയർന്നു. എല്ലാ പ്രധാന ധാന്യങ്ങളുടെയും അന്താരാഷ്ട്ര വില ഉയർന്നു.ഒക്ടോബറിൽ വെജിറ്റബിൾ ഓയിൽ വില സൂചിക ശരാശരി 16.3 പോയിന്റ് ( 9.6 ശതമാനം) ഉയർന്ന് എക്കാലത്തെയും ഉയർന്ന 184.8 പോയിന്റ് നിരക്കിലെത്തി . ഈന്തപ്പന, സോയ, സൂര്യകാന്തി, റാപ്സീഡ് ഓയിൽ എന്നിവയുടെ വില വർധിച്ചതാണ് ഇൻഡക്സ് വർധനവിന് കാരണമായത്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷാമം മൂലം മലേഷ്യയിൽ ഉൽപ്പാദനം കുറയുന്നതിനെക്കുറിച്ചുള്ള ആശങ്കകൾ കാരണം, ഒക്ടോബറിൽ തുടർച്ചയായ നാലാം മാസവും അന്താരാഷ്ട്ര പാം ഓയിൽ വില വർദ്ധിച്ചു. ഇന്ത്യയിൽ നിന്ന് ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ കുറച്ചത് അന്താരാഷ്ട്ര വിപണിയിൽ ഡിമാൻറ് വർദ്ധിപ്പിച്ചു .

അന്താരാഷ്ട്ര വിപണിയിൽ അരിയുടെ വിലയിൽ വർദ്ധനവുണ്ടായെങ്കിലും എഫ് എ ഒ യുടെ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യൻ വിപണിയിൽ ഈ കാലയളവിൽ വിലക്കുറവ് പ്രകടമായിരുന്നു . എഫ് എ ഒ യുടെ ഫുഡ് പ്രൈസ് ഇൻഡക്സ് പ്രകാരം അരിയുടെ ഇൻഡക്സ് സപ്തംബറിനെ അപേക്ഷിച്ച് 1.2 ശതമാനം വർദ്ധിച്ചു .അമേരിക്ക,വിയറ്റ്നാം എന്നിവിടങ്ങളിൽ സപ്തംബറിനെ അപേക്ഷിച്ച് വില വർദ്ധിച്ചപ്പോൾ, ചൈന,ഇന്തോനേഷ്യ ഫിലിപ്പീൻസ്,തായ്‌ലാൻഡ് ഉൾപ്പെടെയുള്ള മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ ഇല്ലാതെ നിലകൊണ്ടു. സാമ്പത്തികമായ പ്രതിസന്ധിയിൽ നിൽക്കുന്ന ശ്രീലങ്കയിൽ അരിവില റെക്കോർഡ് നിരക്കിൽ എത്തി. ഇന്ത്യയിൽ വർദ്ധിച്ച തോതിലുള്ള ഉത്പാദനവും സംഭരണവും വിലക്കുറവിന് കാരണമായി.

2020-21 മാർക്കറ്റിങ് സീസണിലെ സംഭരണം അവസാനിക്കുമ്പോൾ മൊത്തം 600.79 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട് ഇത് സർവകാല റെക്കോർഡ് ആണ്.ഏറ്റവും കൂടുതൽ അരി സംഭരിച്ചത്

പഞ്ചാബിൽനിന്നാണ് 135.89 ലക്ഷം ടൺ .കേരളത്തിൽ നിന്നും ഈ കാലയളവിൽ 5.2 ലക്ഷം ടൺ അരി സംഭരിച്ചു, കഴിഞ്ഞ വർഷത്തേക്കാൾ 0.38 ലക്ഷം ടൺ കൂടുതലണിത്.

2021-22 മാർക്കറ്റിംഗ് സീസണിലെ (ഒക്ടോബർ -സപ്തംബർ)നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്.29-10-2021 ലെ റിപ്പോർട്ടുകൾ പ്രകാരം 86.36 ലക്ഷം മെട്രിക് ടൺ അരി സംഭരിച്ചിട്ടുണ്ട്.ഇതിൽ സിംഹ ഭാഗവും പഞ്ചാബ്,ഹരിയാന സംസ്ഥാനങ്ങളിൽ നിന്നാണ് സംഭരിച്ചിട്ടുള്ളത്.പഞ്ചാബിൽ നിന്നും 53.52 ലക്ഷം ടണ്ണും ,ഹരിയാനയിൽ നിന്നും 29.94 ലക്ഷം ടണ്ണും സംഭരിച്ചിട്ടുണ്ട്.മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സംഭരണം പ്രാരംഭദശയിലാണ്.

2021-22ലെ ആദ്യ മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം, രാജ്യത്തെ മൊത്തം ഭക്ഷ്യധാന്യ ഉൽപ്പാദനം റെക്കോർഡ് 150.50 ദശലക്ഷം ടണ്ണായി കണക്കാക്കപ്പെടുന്നു, ഇത് മുൻ അഞ്ച് വർഷത്തെ (2015-16 മുതൽ 2019 വരെ) ശരാശരി ഭക്ഷ്യധാന്യ ഉൽപ്പാദനത്തേക്കാൾ 12.71 ദശലക്ഷം ടൺ കൂടുതലാണ്. 2021-22 ൽ ഖാരിഫ് അരി ഉൽപ്പാദനം 107.04 ദശലക്ഷം ടൺ എന്ന റെക്കോർഡ് നിലയിലെത്തുമെന്ന് കണക്കാക്കുന്നു, ഇത് കഴിഞ്ഞ വർഷത്തെ 104.41 ദശലക്ഷം ടണ്ണിനെ അപേക്ഷിച്ച് അൽപ്പം കൂടുതലാണ്. 2021-22 കാലഘട്ടത്തിൽ പയറുവർഗങ്ങളുടെ ഖാരിഫ് സീസണിലെ ഉൽപ്പാദനം 9.45 ദശലക്ഷം ടൺ ആയി കണക്കാക്കപ്പെടുന്നു, കഴിഞ്ഞ വർഷത്തെ ഉൽപ്പാദന കണക്കായ 8.69 ദശലക്ഷം ടണ്ണിനെക്കാൾ അല്പം കൂടുതലാണ്.ഖാരിഫ് പയറുവർഗ്ഗങ്ങളിൽ, തുവരപ്പരിപ്പ് 4.43 ദശലക്ഷം ടണ്ണും ഉഴുന്ന്,ചെറുപയർ എന്നിവ 2.05 ദശലക്ഷം ടണ്ണും മറ്റ് ഖാരിഫ് പയറുവർഗ്ഗങ്ങൾ 0.94 ദശലക്ഷം ടണ്ണും ആയി കണക്കാക്കുന്നു.

ഒക്ടോബറിൽ റാബി സീസണിലെ കൃഷി ആരംഭിച്ചിച്ചിട്ടുണ്ട്. കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ പ്രാരംഭ റിപ്പോർട്ടുകൾ പ്രകാരം സാധാരണ തോതിലുള്ള കൃഷി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒക്ടോബർ 29 ലെ റിപ്പോർട്ടുകൾ പ്രകാരം 43.29 ലക്ഷം ഹെക്ടർ കൃഷി ഇതുവരെ റിപ്പോർട്ട് ചെയ്തു .

എഫ് സി ഐ യുടെ ഒക്ടോബർ മാസത്തെ അരിയുടെ നീക്കിയിരുപ്പ് 253.26 ലക്ഷം ടണ്ണാണ്.കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 192.61 ലക്ഷം ടൺ നീക്കിയിരുപ്പാണ് ഉണ്ടായിരുന്നത്. കേരളത്തിലെ ഈ കാലയളവിലെ നീക്കിയിരുപ്പ് 3.94 ലക്ഷം ടണ്ണാണ്.

ഒക്ടോബർ 1 മുതൽ 27 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ മൊത്തം ദീർഘകാല ശരാശരിയേക്കാളും 38 ശതമാനം അധിക മഴ ലഭിച്ചു.വടക്ക് പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ 206 ശതമാനവും തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ 23 ശതമാനവും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ 20 ശതമാനവും മദ്ധ്യേന്ത്യയിൽ 15 ശതമാനവും അധിക മഴ ലഭിച്ചു.ഈ കാലയളവിൽ ശരാശരിയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് പത്തനംതിട്ടയിലാണ് 165 ശതമാനം.

ജൂൺ 1 മുതൽ സപ്തംബർ 30 വരെയുള്ള തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്ത് കേരളത്തിൽ 16 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു.കോട്ടയം,പത്തനംതിട്ട ജില്ലകളിൽ മാത്രമാണ് ഈ കാലഘട്ടത്തിൽ നേരിയതോതിൽ അധിക മഴ ലഭിച്ചത്.അതേസമയം ഒക്ടോബർ 1 മുതൽ നവംബർ ആദ്യ ആഴ്ച വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ ഏതാണ്ട് 90 ശതമാനം അധിക മഴ ലഭിച്ചു.എല്ലാ ജില്ലകളിലും സാധാരണയിൽ കവിഞ്ഞ മഴ ഈ കാലയളവിൽ ലഭിച്ചു.

27 ഒക്ടോബറിലെ കണക്ക് പ്രകാരം ഇന്ത്യയിൽ തുവര,ഉഴുന്ന്,ചെറുപയർ,നിലക്കടല,കൊപ്ര എന്നിവ മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ കുറഞ്ഞ നിരക്കിലും ഗോതമ്പ്, നെല്ല്, കടുക്, സൺഫ്ളവർ,സോയാബീൻ എന്നിവ മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ കൂടിയ നിരക്കിലും വിപണനം നടന്നു.

ഒക്ടോബർ മാസം അവസാനിക്കുമ്പോൾ ഇന്ധന വിലവർദ്ധനവ് കാരണം ഉണ്ടായേക്കാവുന്ന വിലവർദ്ധനവിന്റെ ആശങ്കയിലാണ് പൊതുവിപണിയും പൊതുസമൂഹവും..


## I. ധാന്യങ്ങൾ

ഇന്ധനങ്ങളുടെ വിലക്കയറ്റം പതുക്കെ പൊതുവിപണിയിൽ പ്രകടമായി തുടങ്ങിയിട്ടുണ്ടെന്നാണ് അരിയുടെ നിലവിലുള്ള വില പ്രവണത സൂചിപ്പിക്കുന്നത്.നേരിയ തോതിലുള്ള വർദ്ധനവ് മിക്ക അരി ഇനങ്ങളിലും ദൃശ്യമാണ്. ചില ബ്രാൻഡ് അരി ഇനങ്ങൾ വില വർദ്ധിപ്പിച്ചിട്ടുണ്ട്.വൻതോതിലുള്ള ഉത്പാദനവും സംഭരണവും സ്റ്റോക്ക് നിലയുമാണ് വില വർദ്ധനവ് ഒരു പരിധിക്കപ്പുറം കടന്നുപോവാതെ പിടിച്ച്നിർത്തുന്നത്.

കേന്ദ്ര പൊതുവിതരണ വകുപ്പിൻറെ റിപ്പോർട്ട് പ്രകാരം ദേശീയ ശരാശരി വിലയിൽ സപ്തംബർ മാസത്തെ അപേക്ഷിച്ച് ഒക്ടോബറിൽ നേരിയ വർദ്ധനവ് സൂചിപ്പിക്കുന്നു.

അവലോകനമാസത്തിൽ എല്ലാ ഇനം അരിയുടെയും വിലയിൽ നേരിയ തോതിലുള്ള വർദ്ധനവ് ദൃശ്യമായി.എങ്കിലും കഴിഞ്ഞ വർഷത്തെ വിലയേക്കാൾ നേരിയ തോതിലുള്ള കുറവോടുകൂടിയാണ് അവലോകനമാസത്തിലും വിപണിയിൽ വിപണനം നടക്കുന്നത്. നിലവിൽ അരിയുടെ ഉത്പാദനവും സംഭരണവും നീക്കിയിരുപ്പും തൃപ്തികരമായിത്തന്നെയാണ് നിലനിൽക്കുന്നത് . ഡിസംബറോടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണികളിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.96 | 36.82 | 36.88 | 0.16 | -2.85 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 40.43 | 39.22 | 39.44 | 0.56 | -2.45 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.38 | 36.37 | 36.52 | 0.41 | 0.38 |
| 5 | ജയ | കിലോഗ്രാം | 38.04 | 37.48 | 37.60 | 0.32 | -1.16 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.23 | 35.83 | 36.38 | 1.54 | 3.26 |



## II.പയർ വർഗ്ഗങ്ങൾ


അവലോകനമാസത്തിൽ പയർ-പരിപ്പ് വർഗ്ഗങ്ങളിൽ ചെറുപയർ ഒഴികെയുള്ള ഇനങ്ങളിൽ നേരിയ വർദ്ധനവോടെ വിപണനം നടന്നു .മസൂർപരിപ്പിന്റെയും,വൻപയറിന്റെയും വിലയിൽ വർദ്ധനവിനുള്ള പ്രവണത നിലനിൽക്കുന്നുണ്ട്.നവംബർ മാസത്തിലും ഇതിന്റെ വിലയിൽ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

പയർ വർഗ്ഗങ്ങളുടെ കനത്ത വില വർദ്ധനവിനെ തുടർന്ന് ഏർപ്പെടുത്തിയ സ്റ്റോക്ക് പരിധി ഒക്ടോബർ 31 ന് അവസാനിക്കുകയാണ്.എന്നാൽ ഇത് തുടരുമോ എന്നുള്ള കാര്യത്തിൽ തീരുമാനമായിട്ടില്ല.

മസൂർ പരിപ്പിന്റെ വില കഴിഞ്ഞ ഏതാനും മാസങ്ങളായി വർദ്ധിക്കുകയാണ് എന്നാൽ മലയാളികളുടെ ഇടയിൽ ഇതിന്റെ ഉപഭോഗം കുറവായതിനാൽ കേരളത്തെ ഇത് കാര്യമായി ബാധിക്കുന്നില്ല.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ആദ്യ മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം ഖാരീഫ് സീസണിലെ പയർവർഗ്ഗങ്ങളിൽ, തുവരയുടെ വിസ്തൃതി കഴിഞ്ഞ വർഷം 48.03 ലക്ഷം ഹെക്ടർ ആയിരുന്നത് 48.52 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു, അതേസമയം ഉഴുന്ന് കഴിഞ്ഞ വർഷം 32.61 ലക്ഷം ഹെക്ടർ ആയിരുന്നത് 36.15 ലക്ഷം ഹെക്ടർ ആയി ഉയർന്നു. പ്രധാനമായും ഏറ്റവും വലിയ ഉത്പാദക സംസ്ഥാനമായ രാജസ്ഥാനിലെ ക്രമരഹിതമായ മഴ കാരണം ചെറുപയറിന്റെ കാർഷിക വിസ്തൃതി 38.57 ലക്ഷം ഹെക്ടർ ആയിരുന്നത് 34.42 ലക്ഷം ഹെക്ടർ ആയി കുറഞ്ഞു.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 114.80 | 107.60 | 106.51 | -1.01 | -7.22 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 120.06 | 116.93 | 117.20 | 0.23 | -2.38 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 124.96 | 119.30 | 120.86 | 1.31 | -3.28 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 121.45 | 119.83 | 120.86 | 0.86 | -0.49 |
| 5 | വൻപയർ | കിലോഗ്രാം | 77.97 | 83.62 | 85.00 | 1.65 | 9.02 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 116.24 | 113.04 | 113.59 | 0.49 | -2.28 |
| 7 | കടല(വലുത്) | കിലോഗ്രാം | 83.73 | 84.42 | 85.77 | 1.60 | 2.44 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.77 | 75.65 | 76.62 | 1.28 | 5.29 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 81.48 | 83.95 | 85.31 | 1.62 | 4.70 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 85.94 | 99.15 | 103.11 | 3.99 | 19.98 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ഒക്ടോബറിൽ പഞ്ചസാരയുടെ വിലയിൽ നേരിയ വർദ്ധനവോടെ നിലകൊണ്ടു. നവംബറിലും ഇതേ പ്രവണത തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽനിന്നും ലഭിക്കുന്ന സൂചന.

കോഴിമുട്ടയുടെ വിലയിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് കുറവുണ്ടായി എന്നാൽ മാസാവസാനം വർദ്ധനവിനുള്ള പ്രവണത നിലനിൽക്കുന്നു.നവംബർ-ഡിസംബർ മാസങ്ങളിൽ ക്രസ്തുമസിനോട് അനുബന്ധിച്ച് മുട്ടയുടെ വിലയിൽ വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.ഇറച്ചിക്കോഴിയുടെ വിലയിൽ സപ്തംബറിനുശേഷം വിലയിൽ കുറവുണ്ടായി.നവംബറിലും ഗണ്യമായ തോതിലുള്ള വർദ്ധനവിന് ഇടയില്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

തേയിലയുടെ വിലയിൽ മാസം ആദ്യം കുറവുണ്ടായെങ്കിലും പിന്നീട് വിലയിൽ നേരിയ വർദ്ധനവുണ്ടായി.നവംബറിലും വിലയിൽ നേരിയ വർദ്ധനവോടെ തുടരുമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **38.79** | **41.29** | **41.31** | **0.05** | **6.50** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **166.75** | **169.06** | **166.60** | **-1.46** | **-0.09** |
| 3 | ശർക്കര | കിലോഗ്രാം | **55.63** | **54.33** | **54.30** | **-0.06** | **-2.39** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **67.24** | **58.41** | **58.27** | **-0.24** | **-13.34** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **645.36** | **681.07** | **681.07** | **0.00** | **5.53** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **123.65** | **139.50** | **129.95** | **-6.85** | **5.10** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **148.16** | **155.64** | **155.36** | **-0.18** | **4.86** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **163.42** | **157.67** | **156.90** | **-0.49** | **-3.99** |



## IV. എണ്ണയും എണ്ണക്കുരുക്കളും


ഭക്ഷ്യ എണ്ണകളിൽ പാം ഓയിലിന്റെയും സൺഫ്ളവർ ഓയിലിന്റെയും വിലയിൽ അവലോകനമാസത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവയിൽ കുറവ് വരുത്തിയതാണ് നിലവിലുള്ള നേരിയ കുറവിന് കാരണമായത്.

വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വിലയിലും കുറവുണ്ടായി.ശബരിമല സീസൺ ആരംഭിക്കുന്നതോടെ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

ആഗോള തലത്തിലുള്ള ഭക്ഷ്യ എണ്ണകളുടെ നിലവിലുള്ള വില വ്യതിയാനങ്ങൾ പരിശോധിക്കുമ്പോൾ ഭക്ഷ്യ എണ്ണകളുടെ വിലയിൽ അടുത്ത മാസങ്ങളിലും ഗണ്യമായ ഒരു കുറവുണ്ടാവാൻ ഇടയില്ലെന്നാണ് വിലയിരുത്തപ്പെടുന്നത്. നിലവിൽ കഴിഞ്ഞ വർഷത്തേക്കാൾ 39 ശതമാനവരെ വില വർദ്ധനവ് ഭക്ഷ്യ എണ്ണകളുടെ വിലയിൽ പ്രകടമായി.

ഒക്ടോബറിലെ എഫ് എ ഒ യുടെ ഭക്ഷ്യ എണ്ണകളുടെ ഇൻഡക്സ് സപ്തംബർ മാസത്തെ അപേക്ഷിച്ച് 16.3 പോയിൻറ് വർദ്ധിച്ചു. പാം ഓയിൽ,സൺഫ്ളവർ ഓയിൽ,സോയ ഓയിൽ എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവാണ് ഇന്ഡക്സിലെ വർദ്ധനവിന് കാരണമായത്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **എണ്ണയും എണ്ണക്കുരുക്കളും** | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **205.40** | **200.09** | **197.44** | **-1.32** | **-3.88** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **168.88** | **179.60** | **180.40** | **0.45** | **6.82** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **121.29** | **160.94** | **158.35** | **-1.61** | **30.55** |
| 4 | നല്ലെണ്ണ | ലിററർ | **192.77** | **217.68** | **218.63** | **0.44** | **13.41** |
| 5 | കടുക് എണ്ണ | ലിററർ | **145.00** | **190.00** | **190.00** | **0.00** | **31.03** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **111.98** | **154.19** | **156.06** | **1.21** | **39.36** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **123.81** | **160.30** | **157.07** | **-2.01** | **26.86** |
| 8 | പാം ഓയിൽ | ലിററർ | **96.20** | **134.19** | **131.90** | **-1.71** | **37.11** |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **214.16** | **194.50** | **194.18** | **-0.16** | **-9.33** |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

ഏറ്റവും വലിയ മുളക് ഉത്പാദക സംസ്ഥാനമായ ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ മികച്ച തോതിലുള്ള ഉത്പാദനവും കമ്പോള വരവും വിപണികളിൽ മുളകിൻറെ വിലയിൽ താരതമ്യേന കുറവ് രേഖപ്പെടുത്തി.നിലവിൽ അടുത്ത മാസങ്ങളിലും മുളകിന്റെ വിലയിൽ കാര്യമായ വർദ്ധനവിന് ഇടയില്ലെന്നാണ് ലഭിക്കുന്ന സൂചനകൾ .മറ്റ് പ്രധാന മാർക്കറ്റുകളായ ബ്യാഡ്ഗി ,ബേഡിയ എന്നിവിടങ്ങളിൽ ഒക്ടോബറിലെ വിപണി വരവ് കൂടുതൽ ആയതിനാൽ നവംബറിലും വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയില്ല.ആന്ധ്രാപ്രദേശിലെ ഖരീഫ് സീസണിലെ മുളക് കൃഷി കഴിഞ്ഞ വർഷത്തേക്കാൾ 8 ശതമാനം വർദ്ധനവ് കാണിക്കുന്നു.

കുരുമുളകിന്റെ വിലയിൽ ഗണ്യമായ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്.നവംബറിലും വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചനകൾ.

ഉള്ളിയുടെ വിലയിൽ അവലോകന മാസത്തിൽ വർദ്ധനവ് രേഖപ്പെടുത്തി. എന്നാൽ ഉള്ളിയുടെ വിലയിൽകഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 50 ശതമാനത്തോളം കുറവാണ് അവലോകനമാസത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.സാധാരണയായി സപ്തംബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഉള്ളിയുടെ വിലയിൽ ഗണ്യമായ തോതിലുള്ള വർദ്ധനവ് ദൃശ്യമാവാറുണ്ട്.ഈ വർഷം താരതമ്യേന വർദ്ധനവിൻറെ തോത് കുറവാണ്. വെളുത്തുള്ളിയുടെ വിലയിൽ കുറയുന്നതിനുള്ള പ്രവണത വിപണിയിൽ നിലനിൽക്കുന്നുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | **100.97** | **104.26** | **107.84** | **3.43** | **6.80** |
| 2 | മുളക് | കിലോഗ്രാം | **182.91** | **161.25** | **157.44** | **-2.36** | **-13.92** |
| 3 | ഉള്ളി | കിലോഗ്രാം | **90.26** | **43.11** | **44.26** | **2.67** | **-50.96** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **166.80** | **155.42** | **155.14** | **-0.18** | **-6.99** |
| 5 | ജീരകം | 100 ഗ്രാം | **29.91** | **28.98** | **29.01** | **0.10** | **-3.01** |
| 6 | കടുക് | 100 ഗ്രാം | **9.93** | **11.17** | **11.61** | **3.94** | **16.92** |
| 7 | ഉലുവ | 100 ഗ്രാം | **10.43** | **11.43** | **11.99** | **4.90** | **14.96** |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | **18.79** | **19.00** | **19.00** | **0.00** | **1.12** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **15.56** | **12.74** | **12.10** | **-5.02** | **-22.24** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **380.43** | **451.83** | **459.35** | **1.66** | **20.74** |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസത്തിൽ ഉരുളക്കിഴങ്ങിന്റെ വിലയിൽ വർദ്ധനവുണ്ടായി.മാസം മധ്യത്തോടെ വർദ്ധിച്ച വില മാസാവസാനവും തുടരുകയാണ് നവംബറിൽ നേരിയ കുറവോടെ വില സ്ഥിരത കൈവരിക്കാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചന.

ചേമ്പിന്റെ വിലയിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തി.കാരറ്റ്,ബീറ്റ്റൂട്ട് എന്നിവയുടെ വിലയിൽ മാസം മദ്ധ്യത്തോടെ വിലയിൽ വർദ്ധനവ് ഉണ്ടായെങ്കിലും മാസാവസാനം വിലക്കുറവിനുള്ള പ്രവണത പ്രകടമായിരുന്നു.

കഴിഞ്ഞ വർഷം ഇതേ കലയാളത്തിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ഇനങ്ങളുടെയും വിലയിൽ കുറവ് രേഖപ്പെടുത്തി.ഉരുളക്കിഴങ്ങിന് 36.50 ശതമാനവും,കാരറ്റ് 30.03 ശതമാനവും ബീറ്റ്റൂട്ട് 20.98 ശതമാനവും വിലക്കുറവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **33.99** | **32.76** | **32.04** | **-2.20** | **-5.74** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **24.40** | **20.71** | **20.63** | **-0.39** | **-15.45** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **49.76** | **28.98** | **31.60** | **9.04** | **-36.50** |
| 4 | ചേമ്പ് | കിലോഗ്രാം | **52.55** | **47.20** | **43.71** | **-7.39** | **-16.82** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **48.09** | **37.21** | **38.00** | **2.12** | **-20.98** |
| 6 | കാരററ് | കിലോഗ്രാം | **89.70** | **63.29** | **62.76** | **-0.84** | **-30.03** |




## VII.പച്ചക്കറി ഇനങ്ങൾ

അവലോകനമാസത്തിൽ പച്ചക്കറികളുടെ വിലയിൽ ഗണ്യമായ തോതിലുള്ള വർദ്ധനവ് ദൃശ്യമായി ഇതര സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴ കാരണം വിപണികളിൽ പച്ചക്കറികളുടെ വരവിൽ ഗണ്യമായ തോതിൽ കുറവുണ്ടായി.ഇതുകാരണമാണ് വില വർദ്ധനവുണ്ടായത്.തക്കാളിയുടെ വിലയിലാണ് ഏറ്റവും കൂടുതൽ വർദ്ധനവുണ്ടായത്.മുൻമാസത്തെ അപേക്ഷിച്ച് 91.52 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.സവാള,വെണ്ടയ്ക്ക,ബീൻസ്,വള്ളിപ്പയർ, പാവയ്ക്ക എന്നിവയുടെ വിലയിലും ഗണ്യമായ തോതിൽ വർദ്ധനവ് രേഖപ്പെടുത്തി.

സവാളയുടെ വിലയിൽ മുൻ മാസത്തെ അപേക്ഷിച്ച് ഏതാണ്ട് 50 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തി.എങ്കിലും എടുത്ത് പറയേണ്ടുന്ന കാര്യം കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ തോതിലുള്ള കുറവ് പ്രകടമാണ്.സാധാരണയായി സപ്തംബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ സവാളയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത സ്വാഭാവികമായി പ്രകടമാവാറുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 63.53 | 28.34 | 42.33 | 49.36 | -33.37 |
| 2 | വഴുതന | കിലോഗ്രാം | 36.29 | 33.93 | 35.33 | 4.13 | -2.65 |
| 3 | മത്തങ്ങ | കിലോഗ്രാം | 27.84 | 22.05 | 22.07 | 0.09 | -20.73 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 24.99 | 25.82 | 27.84 | 7.82 | 11.40 |
| 5 | വെണ്ടക്ക | കിലോഗ്രാം | 40.16 | 31.70 | 41.20 | 29.97 | 2.59 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 54.63 | 49.95 | 56.96 | 14.03 | 4.27 |
| 7 | വള്ളിപയർ | കിലോഗ്രാം | 56.03 | 47.74 | 58.23 | 21.97 | 3.93 |
| 8 | കാബേജ് | കിലോഗ്രാം | 47.58 | 28.50 | 29.01 | 1.79 | -39.03 |
| 9 | പാവയ്ക്ക | കിലോഗ്രാം | 61.43 | 43.38 | 51.19 | 18.00 | -16.67 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 23.19 | 22.28 | 23.76 | 6.64 | 2.46 |
| 11 | പടവലങ്ങ | കിലോഗ്രാം | 39.75 | 33.38 | 37.06 | 11.02 | -6.77 |
| 12 | തക്കാളി | കിലോഗ്രാം | 35.01 | 24.66 | 47.23 | 91.52 | 34.90 |
| 13 | പച്ചമുളക് | 100 ഗ്രാം | 6.30 | 5.39 | 5.29 | -1.86 | -16.03 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 37.35 | 39.58 | 37.16 | -6.11 | -0.51 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 30.71 | 30.52 | 30.74 | 0.72 | 0.10 |




## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ സമ്മിശ്രമായ പ്രവണതയാണ് വിപണിയിൽ ദൃശ്യമായത്. ഏത്തപ്പഴം,വാഴപ്പഴങ്ങൾ എന്നിവയുടെ വിലയിൽ നേരിയ കുറവുണ്ടായെങ്കിലും മാസം മദ്ധ്യത്തോടെ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു. നവംബറിലും നേരിയ ഏറ്റക്കുറച്ചിലുകളോടെ വിപണനം നടക്കുമെന്നാണ് പൊതുവെ വിപണി വിലയിരുത്തൽ.

വിപണിയിൽ ഓറഞ്ചിന്റെ വരവ് വർദ്ധിച്ചതോടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്.ഡിസംബർ - ജനുവരിയോടെ വടക്കും,വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഓറഞ്ചിന്റെ വരവോടെ വിലയിൽ വീണ്ടും കുറവുണ്ടാവും .മാതളത്തിന്റെ വില ഇപ്പോഴും ഉയർന്ന നിലയിൽ നിൽക്കുകയാണ്.മാതളത്തിന്റെ ഡിമാന്റിൽ വർദ്ധനവുണ്ടായിട്ടുണ്ട്.ആപ്പിളിന്റെ ഇന്ത്യയിലെ സീസൺ അവസാനിക്കുന്നതോടെ നവംബറിൽ വില വർദ്ധിക്കാൻ സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(നാഗ്പൂർ) | കിലോഗ്രാം | **60.21** | **79.77** | **59.75** | **-25.10** | **-0.76** |
| 2 | മുസമ്പി | കിലോഗ്രാം | **62.77** | **55.31** | **58.03** | **4.92** | **-7.55** |
| 3 | മാതളം | കിലോഗ്രാം | **132.08** | **138.65** | **158.83** | **14.55** | **20.25** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **129.77** | **125.21** | **127.38** | **1.73** | **-1.84** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **44.80** | **45.53** | **44.25** | **-2.81** | **-1.23** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **29.34** | **31.87** | **29.61** | **-7.09** | **0.92** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **58.75** | **50.15** | **48.97** | **-2.35** | **-16.65** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **51.15** | **45.90** | **45.38** | **-1.13** | **-11.28** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **28.09** | **29.31** | **27.72** | **-5.42** | **-1.32** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **115.78** | **121.54** | **132.50** | **9.02** | **14.44** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **32.73** | **21.87** | **24.13** | **10.33** | **-26.28** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **95.19** | **117.88** | **101.36** | **-14.01** | **6.48** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **75.80** | **100.63** | **80.17** | **-20.33** | **5.77** |




## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ ഒക്ടോബറിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ വർദ്ധനവുണ്ടായി.വിലയിൽ വീണ്ടും വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണി വൃത്തങ്ങൾ നൽകുന്ന സൂചന.വർദ്ധിച്ച ഇന്ധന വിലയും കൽക്കരിയുടെ വിലയും സിമന്റിന്റെ വിലയിൽ പ്രതിഫലിച്ചിട്ടുണ്ട്.

സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ ഇനിയും വർദ്ധനവ് വരുത്തേണ്ടി വരുമെന്നാണ് കമ്പനികൾ നൽകുന്ന സൂചന. മാസം മദ്ധ്യത്തോടെ സിമന്റിന്റെ വിലയിൽ വർദ്ധനവുണ്ടായെങ്കിലും മാസാവസാനം നേരിയ കുറവുണ്ടായിട്ടുണ്ട്.നിലവിൽ 430-450 രൂപ റേഞ്ചിൽ വിപണനം നടക്കുന്നതായാണ് വിവിധ ജില്ലകളിലെ വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 21.11 | 21.39 | 21.64 | 1.17 | 2.51 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.64 | 27.21 | 27.36 | 0.55 | 6.71 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 509.60 | 501.25 | 509.00 | 1.55 | -0.12 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 431.92 | 444.06 | 449.25 | 1.17 | 4.01 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 424.62 | 440.00 | 444.68 | 1.06 | 4.72 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 50.65 | 64.90 | 69.87 | 7.66 | 37.95 |



------------------------------------------------------------------------------------------------------------------------

## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സെപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.96 | 36.82 | 36.88 | 0.16 | -2.85 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 40.43 | 39.22 | 39.44 | 0.56 | -2.45 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.38 | 36.37 | 36.52 | 0.41 | 0.38 |
| 5 | ജയ | കിലോഗ്രാം | 38.04 | 37.48 | 37.60 | 0.32 | -1.16 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.23 | 35.83 | 36.38 | 1.54 | 3.26 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 114.80 | 107.60 | 106.51 | -1.01 | -7.22 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 120.06 | 116.93 | 117.20 | 0.23 | -2.38 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 124.96 | 119.30 | 120.86 | 1.31 | -3.28 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 121.45 | 119.83 | 120.86 | 0.86 | -0.49 |
| 5 | വൻപയർ | കിലോഗ്രാം | 77.97 | 83.62 | 85.00 | 1.65 | 9.02 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 116.24 | 113.04 | 113.59 | 0.49 | -2.28 |
| 7 | കടല(വലുത്) | കിലോഗ്രാം | 83.73 | 84.42 | 85.77 | 1.60 | 2.44 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.77 | 75.65 | 76.62 | 1.28 | 5.29 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 81.48 | 83.95 | 85.31 | 1.62 | 4.70 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 85.94 | 99.15 | 103.11 | 3.99 | 19.98 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.79 | 41.29 | 41.31 | 0.05 | 6.50 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 166.75 | 169.06 | 166.60 | -1.46 | -0.09 |
| 3 | ശർക്കര | കിലോഗ്രാം | 55.63 | 54.33 | 54.30 | -0.06 | -2.39 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 67.24 | 58.41 | 58.27 | -0.24 | -13.34 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 645.36 | 681.07 | 681.07 | 0.00 | 5.53 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 123.65 | 139.50 | 129.95 | -6.85 | 5.10 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.16 | 155.64 | 155.36 | -0.18 | 4.86 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 163.42 | 157.67 | 156.90 | -0.49 | -3.99 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 205.40 | 200.09 | 197.44 | -1.32 | -3.88 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 168.88 | 179.60 | 180.40 | 0.45 | 6.82 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 121.29 | 160.94 | 158.35 | -1.61 | 30.55 |
| 4 | നല്ലെണ്ണ | ലിററർ | 192.77 | 217.68 | 218.63 | 0.44 | 13.41 |
| 5 | കടുക് എണ്ണ | ലിററർ | 145.00 | 190.00 | 190.00 | 0.00 | 31.03 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 111.98 | 154.19 | 156.06 | 1.21 | 39.36 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 123.81 | 160.30 | 157.07 | -2.01 | 26.86 |
| 8 | പാം ഓയിൽ | ലിററർ | 96.20 | 134.19 | 131.90 | -1.71 | 37.11 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 214.16 | 194.50 | 194.18 | -0.16 | -9.33 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **100.97** | **104.26** | **107.84** | **3.43** | **6.80** |
| 2 | മുളക് | കിലോഗ്രാം | **182.91** | **161.25** | **157.44** | **-2.36** | **-13.92** |
| 3 | ഉള്ളി | കിലോഗ്രാം | **90.26** | **43.11** | **44.26** | **2.67** | **-50.96** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **166.80** | **155.42** | **155.14** | **-0.18** | **-6.99** |
| 5 | ജീരകം | 100 ഗ്രാം | **29.91** | **28.98** | **29.01** | **0.10** | **-3.01** |
| 6 | കടുക് | 100 ഗ്രാം | **9.93** | **11.17** | **11.61** | **3.94** | **16.92** |
| 7 | ഉലുവ | 100 ഗ്രാം | **10.43** | **11.43** | **11.99** | **4.90** | **14.96** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.79** | **19.00** | **19.00** | **0.00** | **1.12** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **15.56** | **12.74** | **12.10** | **-5.02** | **-22.24** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **380.43** | **451.83** | **459.35** | **1.66** | **20.74** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **33.99** | **32.76** | **32.04** | **-2.20** | **-5.74** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **24.40** | **20.71** | **20.63** | **-0.39** | **-15.45** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **49.76** | **28.98** | **31.60** | **9.04** | **-36.50** |
| 4 | ചേമ്പ് | കിലോഗ്രാം | **52.55** | **47.20** | **43.71** | **-7.39** | **-16.82** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **48.09** | **37.21** | **38.00** | **2.12** | **-20.98** |
| 6 | കാരററ് | കിലോഗ്രാം | **89.70** | **63.29** | **62.76** | **-0.84** | **-30.03** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **63.53** | **28.34** | **42.33** | **49.36** | **-33.37** |
| 2 | വഴുതന | കിലോഗ്രാം | **36.29** | **33.93** | **35.33** | **4.13** | **-2.65** |
| 3 | മത്തങ്ങ | കിലോഗ്രാം | **27.84** | **22.05** | **22.07** | **0.09** | **-20.73** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **24.99** | **25.82** | **27.84** | **7.82** | **11.40** |
| 5 | വെണ്ടക്ക | കിലോഗ്രാം | **40.16** | **31.70** | **41.20** | **29.97** | **2.59** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **54.63** | **49.95** | **56.96** | **14.03** | **4.27** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **56.03** | **47.74** | **58.23** | **21.97** | **3.93** |
| 8 | കാബേജ് | കിലോഗ്രാം | **47.58** | **28.50** | **29.01** | **1.79** | **-39.03** |
| 9 | പാവയ്ക്ക | കിലോഗ്രാം | **61.43** | **43.38** | **51.19** | **18.00** | **-16.67** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **23.19** | **22.28** | **23.76** | **6.64** | **2.46** |
| 11 | പടവലങ്ങ | കിലോഗ്രാം | **39.75** | **33.38** | **37.06** | **11.02** | **-6.77** |
| 12 | തക്കാളി | കിലോഗ്രാം | **35.01** | **24.66** | **47.23** | **91.52** | **34.90** |
| 13 | പച്ചമുളക് | 100 ഗ്രാം | **6.30** | **5.39** | **5.29** | **-1.86** | **-16.03** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **37.35** | **39.58** | **37.16** | **-6.11** | **-0.51** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **30.71** | **30.52** | **30.74** | **0.72** | **0.10** |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2020 | സപ്തംബർ 2021 | ഒക്ടോബർ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 60.21 | 79.77 | 59.75 | -25.10 | -0.76 |
| 2 | മുസമ്പി | കിലോഗ്രാം | 62.77 | 55.31 | 58.03 | 4.92 | -7.55 |
| 3 | മാതളം | കിലോഗ്രാം | 132.08 | 138.65 | 158.83 | 14.55 | 20.25 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 129.77 | 125.21 | 127.38 | 1.73 | -1.84 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 44.80 | 45.53 | 44.25 | -2.81 | -1.23 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 29.34 | 31.87 | 29.61 | -7.09 | 0.92 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 58.75 | 50.15 | 48.97 | -2.35 | -16.65 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 51.15 | 45.90 | 45.38 | -1.13 | -11.28 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.09 | 29.31 | 27.72 | -5.42 | -1.32 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 115.78 | 121.54 | 132.50 | 9.02 | 14.44 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 32.73 | 21.87 | 24.13 | 10.33 | -26.28 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 95.19 | 117.88 | 101.36 | -14.01 | 6.48 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 75.80 | 100.63 | 80.17 | -20.33 | 5.77 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 21.11 | 21.39 | 21.64 | 1.17 | 2.51 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.64 | 27.21 | 27.36 | 0.55 | 6.71 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 509.60 | 501.25 | 509.00 | 1.55 | -0.12 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 431.92 | 444.06 | 449.25 | 1.17 | 4.01 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 424.62 | 440.00 | 444.68 | 1.06 | 4.72 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 50.65 | 64.90 | 69.87 | 7.66 | 37.95 |